HONBLE MR. A. ATCHUTHAN : ഇപ്പോൾ ഉള്ളതിൽ കൂടുതലായ ഗതാഗതസൗകര്യം ഉണ്ടാക്കുന്നതുകൊണ്ടു ഈ വ്യവസായം കൂടുതൽ അഭിവൃദ്ധിയെ പ്രാപിക്കുമെന്നു ഗവണ്മെൻറു വിചാരിക്കുന്നില്ല.

ടെലഫോൺഎക്സ്ചേഞ്ജ്.

513. Miss ACCAMMA CHERIYAN (*Changanachery I—General*): താഴെ പറയുന്ന ചോദ്യത്തിന് ടെലഫോൺവകുപ്പിന്റെ ചാർജ്ജു വഹിക്കുന്ന ബഹുമാനപ്പെട്ടമന്ത്രി സദയം മറുപടി പറയുമോ ?

കാഞ്ഞിരപ്പള്ളിയിൽ ഒരു ഫുൾടൈം ഡിപ്പാർട്ടുമെൻറൽ ടെലഫോൺ എക്സ്ചേഞ്ജ് സ്ഥാപിക്കുവാൻ ഗവണ്മെൻറു ഉദ്ദേശിക്കുമോ?

HON'BLE MR. A. ATCHUTHAN : Yes; the matter is under consideration.

Miss ACCAMMA CHERIYAN : അതു എപ്പോൾ നടപ്പിൽവരുമെന്നു പറയാമോ ?

HON'BLE MR. A ATCHUTHAN : അതു ഇതു അടുത്തിൽതന്നെ നടപ്പിൽ വന്നേയ്ക്കും.

ഗവണ്മെൻറു പൊന്നാംവിലയ്ക്കു സ്ഥലങ്ങൾ എടുക്കുന്നതിനെപ്പറ്റി.

514. MR. A. V. JOSEPH (*Kunnathunad I—General*) : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി നൽകുമോ ?

കുന്നത്തുനാടു താലൂക്കിൽ കാലടി മഞ്ഞപ്ര മുതലായ സ്ഥലങ്ങളിൽ ഗവണ്മെൻറു പൊന്നംവിലയ്ക്കു സ്ഥലമെടുക്കുന്നതു അനീതിപരമായതുകൊണ്ടു അത്തരം നടപടികൾ നിറുത്തിവയ്പ്പാൻ ആവശ്യപ്പെട്ടുകൊണ്ടു വല്ല അപേക്ഷകളും ലഭിച്ചിട്ടുണ്ടോ ? ഉണ്ടെങ്കിൽ അതു സംബന്ധിച്ചു് എന്തു നടപടിയാണു് ഗവണ്മെൻറു് കൈക്കൊണ്ടിട്ടുള്ളതു് ?

HON'BLE MR. C. KESAVAN : Petitions have been received against he acquisition of land in Kalady and Manjapra. They are under he investigation of Government.

MR. A. V. JOSEPH : മഞ്ഞപ്രയിൽ സ്ഥലം ഗവണ്മെൻറു എടുത്തിട്ടുള്ളതായി അറിയാമോ ?

HON'BLE MR. C. KESAVAN : മഞ്ഞപ്രയിൽ ചില സ്ഥലങ്ങൾ എടുത്തിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

MR. A. V. JOSEPH : ഇങ്ങനെ ഗവണ്മെൻറു എടുത്തിട്ടുള്ള സ്ഥലങ്ങളിൽനിന്നും ആളുകളെ ഇറക്കിവിടുന്ന നയം ശരിയാണെന്നു ഗവണ്മെൻറിനു തോന്നുന്നുണ്ടോ ?

HON'BLE MR. C. KESAVAN : ഈ സ്ഥലം ഒരു ഇൻഡസ്ട്രിയുടെ ആവശ്യത്തിനുവേണ്ടിയാണു് ഗവണ്മെൻറു എടുത്തിട്ടുള്ളതു. ഇങ്ങനെ അകപ്പെടുന്ന സ്ഥലങ്ങളിൽ ആൾതാമസം ഉണ്ടെങ്കിൽ അവർ അവിടെനിന്നും മാറേണ്ടതു് ഗവണ്മെൻറിൻെറ ഒരാവശ്യം കൂടിയാണു്. അവർ അവിടെനിന്നും മാറുമെന്നുള്ളതും സ്വാഭാവികമാണു്..

MR. A. P. UDAYA BHANU : ലാൻറു് അകപ്പെടുമ്പോൾ തക്കസമയത്തു കാമ്പൻസേഷൻ ലഭിക്കുന്നില്ലെന്നുള്ള പരാതികൾ ഗവണ്മെൻറിനു കിട്ടിയിട്ടുണ്ടോ ?

HON'BLE MR. C. KESAVAN : കാമ്പൻസേഷൻ കൊടുക്കുവാൻ നിയമപ്രകാരം കുറെ താമസം വേണ്ടിവരും. കഴിയുന്നതും നേരത്തെ കൊടുക്കുവാൻ ഗവണ്മെൻറു ശ്രമിക്കുന്നതാണു്.

നെൽകൃഷി.

515. MR. K. RAMAKRISHNA PILLAI (*Ambalapazha I—General*): താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട കൃഷിവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ ?

തോട്ടപ്പള്ളി പ്രക്കാടു് പ്രദേശങ്ങളിൽഉള്ള കരിനിലങ്ങളിൽ കൂടുതൽ നെല്ലു് ഉൽപ്പാദിപ്പിക്കുന്നതിനു കൃഷിഡിപ്പാർട്ടുമെൻറിൽനിന്നും എന്തു പരീക്ഷണങ്ങൾ നടത്തിയിട്ടുണ്ടു്.

HON'BLE MR. K. M KORAH : ഈ സംഗതിയിൽ വ്യവസ്ഥിതമായ പരീക്ഷണങ്ങൾ നടത്തിയിട്ടുണ്ടു്. ഉയർന്ന ഫലപുഷ്ടം, അധികം വർഷാംശങ്ങൾ ലയിച്ച ജലം, അമിയുന്ന ലവണങ്ങൾ, ഫെറസ് ഇരുമ്പു് വിഷവത്തായ അലൂമിനിയം തുടങ്ങിയ നിർജ്ജീവക വിഷങ്ങൾ, ഫോസ്ഫേറുകളുടെ അസാന്നിദ്ധ്യം, മറുജീവക വിഷപദാർത്ഥങ്ങൾ ഇവയാണു് വിളവുകളുടെ നാശത്തിനു നിദാനമായ ഹേതുക്കളെന്നു കണ്ടു പിടിക്കപ്പെട്ടിരിക്കുന്നു. ശരിയായ അളവിലുള്ള കുമ്മായത്തിൻെറയും ഫോസ്ഫേറു വളങ്ങളുടെയും ഉപയോഗത്താലും ലവണങ്ങളെ നിർമ്മാജ്ജനം ചെയ്യുന്നതിനുള്ള ഒരു വ്യവസ്ഥിതമായ പ്രവർത്തനത്താലും ഈ മാതിരി മണ്ണു കൃഷിക്കു ഉപയോഗകരമാക്കിത്തീർക്കുന്നതിനു സാധിക്കുമെന്നു പരീക്ഷണങ്ങൾ തെളിയിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly